## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2057      17.06.2014-ൽ മറുപടിയ്ക്ക്

# കൊയിലാണ്ടി നഗരത്തിലെ വൈദ്യുതി ക്ഷാമം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ദാസൻ : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | കൊയിലാണ്ടി നഗരത്തിലെ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിന് പുതിയ ഫീഡർ സ്ഥാപിക്കുന്നതു സംബന്ധിച്ച് ലഭിച്ചിട്ടുള്ള അപേക്ഷയിൽ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ ; | (എ) | കൊയിലാണ്ടി നഗരത്തിൽ കോടതി പരിസരത്ത് വൈദ്യുതി തടസ്സം പരിഹരിക്കുന്നതിനായി ഒരു ഫീഡർ കൂടി വലിക്കുന്നതിന് മുൻസിഫ് നൽകിയ അപേക്ഷയിൽ 2,12,82,552/- രൂപയുടെ പ്രവൃത്തി എടുക്കണം എന്നു കാണിച്ച് അറിയിപ്പ് നൽകി. ഇതു പ്രകാരം തുക അടയ്ക്കാൻ നിർവ്വാഹമില്ലാത്തതിനാൽ പരാതി പരിഹരിക്കാൻ കൊയിലാണ്ടി ഫീഡറും നന്തി ഫീഡറും ബോർഡ് ഫണ്ട് ഉപയോഗിച്ച് ഇന്റെർലിങ്ക് ചെയ്യുന്നതിനുള്ള ടെൻഡർ നടപടികൾ പൂർത്തീകരിച്ചു. കൂടാതെ ഗവൺമെന്റ് ഗേൾസ് സ്കൂൾ പരിസരത്ത് 50 മീറ്റർ യു.ജി കേബിളും 150 മീറ്റർ ഒ.എച്ച് ലൈനും വലിക്കാൻ പ്രവൃത്തി എസ്റ്റിമേറ്റ് തയ്യാറാക്കി. പ്രസ്തുത ക്രോസിംഗ് പ്രവൃത്തിയിലേക്കായി റെയിൽവെ പണം അടച്ചിട്ടുണ്ട്. ക്രോസിംഗ് പ്രവൃത്തി തീരുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ബി) | ഇത് സംബന്ധിച്ച് കെ. എസ്. ഇ. ബി. എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ; | (ബി) | പ്രത്യേക പഠനം നടത്തിയിട്ടില്ല. |
| (സി) | കൊയിലാണ്ടിയിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നറിയിക്കുമോ ? | (സി) | മുകളിൽ പറഞ്ഞവ കൂടാതെ കൊയിലാണ്ടിയിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാനായി ആർ.എ.പി.ഡി.ആർ.പി, വോൾട്ടേജ് ഇംപ്രൂവ്മെന്റ്, സിസ്റ്റം ഇംപ്രൂവ്മെന്റ് പദ്ധതി പ്രകാരം 16.85 കിലോ മീറ്റർ 11 കെ.വി ലൈൻ |

വലിക്കുകയും 30 ട്രാൻസ്ഫോർമർ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 6.895 കിലോ മീറ്റർ ത്രീ ഫേസ് ലൈനും 25.235 കിലോ മീറ്റർ നിലവിലുള്ള സിംഗിൾ ഫേസ് ത്രീ ഫേസ് ആക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. ഇതേ പദ്ധതിയിൽ 3 കിലോ മീറ്റർ 11 കെ.വി ലൈനും 16 ട്രാൻസ്ഫോർമർ 1.5 കിലോ മീറ്റർ ത്രീ ഫേസ് ലൈനും പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ നടന്നുവരുന്നു.

കൊയിലാണ്ടി 110 കെ.വി സബ്സ്റ്റേഷനിൽ നിലവിലുള്ള ഒരു 10 എം.വി.എ (110/11 കെ.വി) ട്രാൻസ്ഫോർമർ മാറ്റി 20 എം.വി.എ ആക്കി ശേഷി വർദ്ധിപ്പിക്കുവാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ ജോലി ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

സെക്ഷൻ ഓഫീസർ.